(ഡി) "സർക്കാർ നവീകരണ പരിപാടി (എം. ജി. പി.) എന്ത്? എങ്ങനെ?" എന്നൊരു ലഘുപുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലഘുപുസ്തകത്തിന്റെ 15,000 കോപ്പികൾ സർക്കാർ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ & റിപ്രോഗ്രാഫിക് സെന്ററിലാണ് അച്ചടിപ്പിച്ചത്. അച്ചടിച്ചെലവ് 1,04,998 രൂപയാണ്. തുക നൽകിയിട്ടില്ല.

(ഇ) വ്യാപകവും സമഗ്രവുമായ ചർച്ചകളിലൂടെയാണ് ഭരണ നവീകരണ പരിപാടി രൂപപ്പെടുത്തിയിട്ടുള്ളത്. മാധ്യമ പ്രവർത്തകർക്കായി 23-8-2003-ന് കോഴിക്കോട് മേഖലാ ശിൽപ്പശാലയും 5-1-2004-ന് തിരുവനന്തപുരത്ത് സംസ്ഥാനതല ശിൽപ്പ ശാലയും സംഘടിപ്പിക്കുകയുണ്ടായി.

(എഫ്) പ്രചരണത്തിനു മാത്രമായി പ്രത്യേക ധനസഹായം ലഭിച്ചിട്ടില്ല.

(ജി) എം. ജി. പി.-യുടെ മേൽനോട്ടത്തിനായി എ. ഡി. ബി. ആരേയും ചുമതല പ്പെടുത്തിയിട്ടില്ല. ഇത് പൂർണ്ണമായും സർക്കാരിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്.

(എച്ച്) പബ്ലിക് റിലേഷൻസ് ഡയറക്ടറേറ്റിൽ ഒരു മീഡിയാ കോൺഫറൻസ് ഹാൾ നിർമ്മിച്ചു വരുന്നുണ്ട്.

(ഐ) പുതിയ കോൺഫറൻസ് ഹാളിന്റെ എസ്റ്റിമേറ്റ് തുക 36,97,740 രൂപയാണ്.

ഏകജാലക സംവിധാനം

147 [699] ശ്രീ. പി. നാരായണൻ:

" മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലേക്ക് ജോലി തേടിപ്പോകുന്നവർക്ക് സർട്ടിഫിക്കറ്റു കളും മറ്റും സാക്ഷ്യപ്പെടുത്തുന്നതിന് വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ആവശ്യത്തിൻമേൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നട പടികൾ വ്യക്തമാക്കുമോ;

(സി) വിദേശത്തേക്ക് ജോലി തേടിപ്പോകുന്നവർക്ക് വേണ്ടി മറ്റെന്തെല്ലാം സൗകര്യ ങ്ങളാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഇൻഡ്യയിൽ നിന്നും വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ തേടിപ്പോകുന്ന ഉദ്യോഗാർത്ഥികളുടെ എസ്. എസ്. എൽ. സി. മുതലുള്ള യോഗ്യതാ സർട്ടിഫിക്കറ്റുകൾ ന്യൂഡൽഹിയിലെ കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയവും, വിദേശ കാര്യ മന്ത്രാലയവും സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തു ന്നതിലേക്കു വേണ്ടി ന്യൂഡൽഹിയിൽ പോകേണ്ടി വരുന്ന ഉദ്യോഗാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ, ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിലേക്കു വേണ്ടി മുഖ്യമന്ത്രിയും നോർക്ക വകുപ്പുമന്ത്രിയും യഥാക്രമം പ്രധാന മന്ത്രിയുടെയും, കേന്ദ്ര മന്ത്രിമാരുടേയും ശ്രദ്ധ ക്ഷണിക്കുകയും കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയവും, വിദേശകാര്യ മന്ത്രാലയവും, സംയുക്തമായി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേരളത്തിൽ ഒരു ഏകജാലക സംവിധാനം (Single window system) ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. 17-11-2003-ൽ മുഖ്യമന്ത്രി, പ്രധാന മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിലും ഏകജാലക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പ്രത്യേകം പരാമർശിച്ചിരുന്നു. എന്നാൽ കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയത്തിന്റെ ഒരു സെൽ സംസ്ഥാനത്ത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തയ്യാറായിട്ടുണ്ട്. കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയത്തിന്റെ സെൽ തിരുവനന്തപുരത്ത് റൂട്ട്സ് എൻ. ആർ. കെ. ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി പ്രസ്തുത മന്ത്രാലയത്തിനു കീഴിലുള്ള ഒരു ഡെപ്യൂട്ടി സെക്രട്ടറി സ്ഥലം സന്ദർശിച്ച് സൗകര്യങ്ങൾ ബോദ്ധ്യപ്പെട്ട് മടങ്ങുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥർ ചാർജ്ജെടുക്കുന്ന മുറയ്ക്ക് സെൽ പ്രവർത്തനക്ഷമമാകുന്നതാണ്.

(സി) ചുവടെ പറയുന്നതുൾപ്പെടെ വിദേശ മലയാളികളുടെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്:

1. ഗൾഫ് കോ-ഓർഡിനേഷൻ രാജ്യങ്ങളുടെ കോൺസുലേറ്റുകൾ കേരളത്തിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച്.

2. സൗദി അറേബ്യയിലെ ദമാമിലുള്ള എക്സ്റ്റൻഷൻ കൗണ്ടർ കോൺസുലേറ്റായി മാറ്റുന്നത് സംബന്ധിച്ച്.

3. കുവൈറ്റ് യുദ്ധാനന്തര നഷ്ടപരിഹാര തുകയ്ക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള തീയതി നീട്ടിക്കിട്ടുന്നതിലേക്കായി യു. എൻ. സി. സി.-യിൽ സമ്മർദ്ദം ചെലുത്തുന്നതിനെ സംബന്ധിച്ച്.

4. ഗൾഫ് രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്കുള്ള യാത്രയ്ക്ക് ഈടാക്കുന്ന വർദ്ധിച്ച വിമാന യാത്രക്കൂലി സംബന്ധിച്ച്.

5. ഉത്സവകാലങ്ങളിലും അവധി കാലങ്ങളിലും കൂടുതലായി ഈടാക്കുന്ന വിമാന യാത്രക്കൂലി സംബന്ധിച്ച്.

6. വിമാന യാത്രക്കാരുടെ ലഗേജ് കൈകാര്യം ചെയ്യുന്നതിൽ വരുത്തുന്ന അലംഭാവം സംബന്ധിച്ച്.

7. വിമാന യാത്രയ്ക്ക് ഇപ്പോൾ നൽകിവരുന്ന ഫ്രീ ബാഗേജായ 25 കിലോ വർദ്ധിപ്പിച്ച് 50 കിലോ ആക്കി ഉയർത്തുന്നത് സംബന്ധിച്ച്.

8. കേരളത്തിലെ മൂന്ന് എയർപോർട്ടുകളിലേക്കും കൂടുതൽ വിമാന യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതു സംബന്ധിച്ച്.

LIBRARY ARCHIVES Kerala Legislative Assembly

9. കസ്റ്റംസ് ജീവനക്കാരിൽ നിന്നുണ്ടാവുന്ന മോശമായ പെരുമാറ്റം സംബന്ധിച്ച്.

10. എമിഗ്രേഷൻ ആക്റ്റ് പ്രകാരം അടുത്ത കാലത്തായി ഏർപ്പെടുത്തിയ നിബന്ധനകളെ സംബന്ധിച്ച്.

11. ഗൾഫ് രാജ്യങ്ങളിലെ ഇൻഡ്യൻ നയതന്ത്ര കാര്യാലയങ്ങളിൽ മലയാളം അറിയുന്ന ഉന്നത ഉദ്യോഗസ്ഥരെ നിയമിക്കുന്നത് സംബന്ധിച്ച്.

12. എംബസ്സികളിൽ ഈടാക്കുന്ന അമിതമായ സർവ്വീസ് ചാർജ് കുറയ്ക്കുന്നതു സംബന്ധിച്ച്.

13. എംബസ്സികളിൽ ലീഗൽ അറ്റാഷേമാരെ നിയമിക്കുന്നത് സംബന്ധിച്ച്.

14. താഴ്ന്ന വരുമാനക്കാരായ ഇൻഡ്യൻ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച്.

സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് തിരുവനന്തപുരത്ത് സൗകര്യം ഉണ്ടാക്കുവാൻ നടപടി

148 [700] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി തേടിപ്പോകുന്നവരുടെ വിവിധ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ഡൽഹിയിൽ പോകേണ്ടിവരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് തിരുവനന്തപുരത്ത് സൗകര്യം ഉണ്ടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) യു. എ. ഇ. തുടങ്ങിയ ചില ഗൾഫ് രാജ്യങ്ങൾ എമിഗ്രേഷൻ വ്യവസ്ഥകൾ കർശനമാക്കിയതിനെ തുടർന്ന് പ്രസ്തുത രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി. ആക്കിയിരിക്കുകയാണ്. അതിനാൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ന്യൂഡൽഹിയിലെ കേന്ദ്ര മനുഷ്യവിഭവശേഷി മന്ത്രാലയം, വിദേശകാര്യ മന്ത്രാലയം

LIBRARY ARCHIVES Kerala Legislative Assembly